# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7707** **23-07-2012-ൽ മറുപടിയ്ക്ക്**

## സെക്രട്ടേറിയറ്റിൽ തീപിടുത്തം തടയുവാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ എം.എ. വാഹീദ് :**<br>**ശ്രീ സി.പി. മുഹമ്മദ് :** | | **ശ്രീ. ഉമ്മൻചാണ്ടി**<br>**(ബഹു. മുഖ്യമന്ത്രി)** |
| (എ) മഹാരാഷ്ട്ര സെക്രട്ടേറിയറ്റിൽ തീപിടിത്തമുണ്ടായ സാഹചര്യത്തിൽ സംസ്ഥാന സെക്രട്ടേറിയറ്റിലും പ്രധാന ഓഫീസുകളിലും ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; വിശദമാക്കുമോ ; | (എ) | സംസ്ഥാന സെക്രട്ടേറിയറ്റിൽ തീപിടുത്തമുണ്ടാകുവാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനായി കാലപ്പഴക്കം ചെന്ന എല്ലാ വൈദ്യുത സാമഗ്രികളും പുതുക്കി സ്ഥാപിച്ചു വരുന്നു. ഫയർ സർവ്വീസ് വാഹനങ്ങൾക്ക് സെക്രട്ടേറിയറ്റിൽ എല്ലാ ഭാഗങ്ങളിലും എത്രയും പെട്ടെന്ന് എത്തിച്ചേരുന്നതിന് ഫയർ ലൈൻ അടയാളപ്പെടുത്തുകയും, വാഹന പാർക്കിംഗിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുമുണ്ട്. തീപിടുത്തം ഉണ്ടായാൽ അത് അണയ്ക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ഫയർ ഫൈറ്റിംഗ് ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള അടിസ്ഥാന പരിശീലനം സുരക്ഷാ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. തീപിടുത്തമുണ്ടായാൽ പെട്ടെന്ന് രക്ഷപ്പെടുവാനുള്ള വഴികൾ ആവശ്യമായിട്ടുള്ള സ്ഥല |

ങ്ങളിൽ അവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കൂടാതെ സംസ്ഥാനത്തെ മറ്റു പ്രധാന സർക്കാർ ഓഫീസുകളിൽ തീപിടുത്ത മുണ്ടായാൽ ആയത് നിയന്ത്രിക്കു ന്നതിനുള്ള ഉപകരണങ്ങൾ സ്ഥാപിച്ചി ട്ടുണ്ട്. വൈദ്യുതി ഷോർട്ട് സർക്യൂട്ട് മൂലമുള്ള തീപിടുത്തം ഒഴിവാക്കു ന്നതിനായി വേണ്ട മുൻകരുതലുകൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ബി) | ഇതിനായി റിപ്പോർട്ട് നൽകുവാൻ ആരെയെങ്കിലും ചുമതലപ്പെടുത്തി യിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ഇല്ല |
| (സി) | റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ ; വിശദ മാക്കുമോ ; | (സി) & (ഡി) | ബാധകമല്ല. |
| (ഡി) | ഇതിന്റെ അടിസ്ഥാനത്തിൽ അതിലെ ശുപാർശകൾ പ്രായോഗിക തലത്തിൽ കൊണ്ടുവരാൻ എന്തെല്ലാം നടപടിക ളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ? | | |

സെക്ഷൻ ഓഫീസർ